REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 23-10-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്ര മോദി ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്ങുമായി ഇന്ന് ഉഭയകക്ഷി ചർച്ച നടത്തും.16-ാമത് ബ്രിക്സ് ഉച്ചകോടിയെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.**
- **രാജ്യത്ത് ഡിജിറ്റൽ ലാൻഡ് സർവേയിൽ കാര്യമായ പുരോഗതി കൈവരിച്ച ഏക സംസ്ഥാനം കേരളമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **വയനാട്, പാലക്കാട്, ചേലക്കര മണ്ഡലങ്ങളിൽ പ്രമുഖ സ്ഥാനാർത്ഥികൾ ഇന്നും നാളെയുമായി പത്രിക നൽകും. വയനാട്ടിൽ പ്രിയങ്കാ ഗാന്ധി രാവിലെ പത്രിക സമർപ്പിക്കും.**
- **പാലക്കാട് കല്ലടിക്കോട് കാറും ലോറിയും കൂട്ടിയിടിച്ച് 5 പേർ മരിച്ചു.**
- **കൊച്ചിയിൽ അടുത്തമാസം നടക്കുന്ന സ്കൂൾ കായികമേളയിൽ 24,000 കായിക പ്രതിഭകൾ 39 ഇനങ്ങളിൽ മത്സരിക്കുമെന്ന് മന്ത്രി V ശിവൻകുട്ടി.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദി ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്ങുമായി ഇന്ന് ഉഭയകക്ഷി ചർച്ച നടത്തും. റഷ്യയിലെ കസാനിൽ ബ്രിക്സ് ഉച്ചകോടിക്കിടെയാണ് ചർച്ച.

യഥാർത്ഥ നിയന്ത്രണ രേഖയ്ക്ക് സമീപത്തെ പ്രദേശങ്ങളിൽ പട്രോളിംഗ് ക്രമീകരണങ്ങൾ സംബന്ധിച്ച് ഇരു രാജ്യങ്ങളും ധാരണയിലെത്തുന്നതിന്റെ പശ്ചാത്തലത്തിൽ കൂടിക്കാഴ്ചയ്ക്ക് പ്രാധാന്യമുണ്ട്.

ഡെസ്ക് റിപ്പോർട്ട്

**....വോയ്സ്...**

പ്രധാനമന്ത്രി നരേന്ദ്രമോദിയും ചൈനീസ് പ്രസിഡന്റും തമ്മിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ആദ്യമായാണ് നേരിട്ട് കൂടിക്കാഴ്ച നടത്തുന്നത്. ഇന്നലെ റഷ്യൻ പ്രസിഡന്റ് വ്ലാഡ് മീർ പുട്ടിനുമായും ഇറാൻ പ്രസിഡന്റ് മസൂദ് പെസെഷ്കിയാനുമായും മോദി ഉഭയകക്ഷി ചർച്ച നടത്തി, റഷ്യ - ഉക്രെയ്ൻ സംഘർഷത്തിൽ സമാധാനപരമായ പരിഹാരം കൊണ്ടുവരാൻ സഹായിക്കാൻ ഇന്ത്യ തയ്യാറാണെന്ന് പുടിനുമായി നടത്തിയ കൂടിക്കാഴ്ചയിൽ മോദി ഉറപ്പ് നൽകി. ഇറാൻ പ്രസിഡന്റ് മസൂദ് പെസെഷ്കിയാനുമായി നടത്തിയ കൂടിക്കാഴ്ചയിൽ പശ്ചിമേഷ്യയിലെ സ്ഥിതി ചർച്ച ചെയ്തു. വർദ്ധിച്ചുവരുന്ന സംഘർഷത്തിൽ അഗാധമായ ഉത്കണ്ഠ പ്രകടിപ്പിച്ച മോദി സിവിലിയൻമാരുടെ സംരക്ഷണ ആവശ്യം ആഹ്വാനം ആവർത്തിച്ചതായി വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി മാധ്യമങ്ങളെ അറിയിച്ചു. ഇരു നേതാക്കളും അഫ്ഗാനിസ്ഥാനെക്കുറിച്ചും ചർച്ച നടത്തിയെന്നും അഫ്ഗാനിസ്ഥാനിലെ ജനങ്ങൾക്ക് മാനുഷിക സഹായം തുടരുന്നതിനൊപ്പം മേഖലയിൽ സമാധാനവും സുസ്ഥിരതയും നിലനിർത്തേണ്ടതിന്റെ പ്രാധാന്യം എടുത്തുപറഞ്ഞുവെന്നും മിസ്രി വിശദീകരിച്ചു.

16-ാമത് ബ്രിക്സ് ഉച്ചകോടിയെ മോദി അഭിസംബോധന ചെയ്യും.

✪✪✪

മികച്ച ഗ്രാമ പഞ്ചായത്തിനു ദേശീയ ജല അവാർഡ് തിരുവനന്തപുരം പുല്ലമ്പാറ ഗ്രാമ പഞ്ചായത്തിന് രാഷ്ട്രപതി ദ്രൗപതി മുർമു സമ്മാനിച്ചു. ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ ഇന്നലെ നടന്ന ചടങ്ങിൽ പുല്ലമ്പാറ പഞ്ചായത്ത് പ്രസിഡന്റ് PV രാജേഷ്, സെക്രട്ടറി P. സുനിൽ എന്നിവർ രാഷ്ട്രപതിയിൽ നിന്ന് ഉപഹാരം സ്വീകരിച്ചു.

നീരുറവ്, മികവ്, സജലം എന്നിങ്ങനെ വിവിധ പദ്ധതികളിലൂടെ പഞ്ചായത്തിലെ വിവിധ ജലസ്രോതസുകൾ

പുനരുജ്ജീവിപ്പിച്ചതിനാണ് അവാർഡ്.

✪✪✪

രാജ്യത്ത് ഡിജിറ്റൽ ലാൻഡ് സർവേയിൽ കാര്യമായ പുരോഗതി കൈവരിച്ച ഏക സംസ്ഥാനമാണ് കേരളമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. റവന്യൂ, രജിസ്ട്രേഷൻ, സർവേ വകുപ്പുകൾ സംയുക്തമായി നടപ്പിലാക്കുന്ന എന്റെ ഭൂമി സമഗ്ര ഭൂവിവര ഡിജിറ്റൽ സംവിധാനം രാജ്യത്തെ ആദ്യ സമഗ്ര ഭൂവിവര ഡിജിറ്റൽ സംവിധാനമാണെന്നും മുഖ്യമന്ത്രി അറിയിച്ചു. എന്റെ ഭൂമി സമഗ്ര ഭൂവിവര ഡിജിറ്റൽ സംവിധാനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവ്വഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

ഡിജിറ്റൽ ലാൻഡ് സർവേ മൂന്നാം ഘട്ടത്തിലേക്ക് കടക്കുന്ന സാഹചര്യത്തിലാണ് എന്റെ ഭൂമി ഡിജിറ്റൽ ഭൂരേഖാ സംവിധാനം യാഥാർത്ഥ്യമായത്. ഭൂമിയുടെ കൈമാറ്റം, ഭൂമി രജിസ്റ്റർ ചെയ്യുന്നതിനു ടെംപ്ലേറ്റ് സംവിധാനം, പ്രീ മ്യൂട്ടേഷൻ സ്കെച്ച്, സർട്ടിഫിക്കറ്റ്, ഭൂനികുതി അടവ്, ന്യായവില നിർണയം, ഓട്ടോ മ്യൂട്ടേഷൻ, ലൊക്കേഷൻ സ്കെച്ച്, ഭൂമിയുടെ തരംമാറ്റം തുടങ്ങി ഒട്ടേറെ സേവനങ്ങൾ ഇനി ഈ പോർട്ടലിലൂടെ ലഭ്യമാകും.

വിവിധ ഓഫീസുകൾ കയറിയിറങ്ങാതെ തന്നെ ഇനി പൊതുജനങ്ങൾക്ക് ഭൂമിസംബന്ധമായ ഇടപാടുകൾ കാര്യക്ഷമമായും സുതാര്യമായും ലഭ്യമാകും. എന്റെ ഭൂമി ഡിജിറ്റൽ ലാൻഡ് സർവേ പദ്ധതിയിലൂടെ 212 വില്ലേജുകളിലെ 4.8 ലക്ഷം ഹെക്ടർ ഭൂമിയുടെ സർവേ ഇതിനോടകം പൂർത്തിയാക്കിയതായും മുഖ്യമന്ത്രി പറഞ്ഞു. കാസർകോട് ജില്ലയിലെ ഉജ്ജാർ ഉൾവാർ വില്ലേജിൽ തുടക്കം കുറിക്കുന്ന എന്റെ ഭൂമി പോർട്ടൽ മൂന്ന് മാസത്തിനകം ഡിജിറ്റൽ സർവേ പൂർത്തിയായ 212 വില്ലേജുകളിലേക്കും വ്യാപിപ്പിക്കും.

✪✪✪

സംസ്ഥാനത്ത് ഉപതെരഞ്ഞെടുപ്പുകൾക്ക് പത്രിക സമർപ്പിക്കാൻ മൂന്ന് ദിവസം മാത്രം ബാക്കി നിൽക്കെ പ്രമുഖ സ്ഥാനർത്ഥികൾ ഇന്നും നാളെയുമായി പത്രിക നൽകും. വെള്ളിയാഴ്ചയാണ് പത്രിക സമർപ്പിക്കേണ്ട അവസാന ദിവസം.

വയനാട്ടിൽ AICC ജനറൽ സെക്രട്ടറി പ്രയങ്ക ഗാന്ധി UDF സ്ഥാനാർത്ഥിയായി ഇന്ന് പത്രിക നൽകും. രാവിലെ റോഡ് ഷോയിൽ പങ്കെടുത്ത ശേഷമായിരിക്കും പത്രിക സമർപ്പണം. കോൺഗ്രസ് നേതാക്കളായ മല്ലികാർജ്ജുൻ ഖാർഗെ, സോണിയ ഗാന്ധി, രാഹുൽ ഗാന്ധി തുടങ്ങിയവർ റോഡ് ഷോയിൽ പങ്കെടുക്കും. പത്രിക സമർപ്പണത്തിനായി പ്രിയങ്ക ഗാന്ധി ഇന്നലെ രാത്രി വയനാട്ടിലെത്തി. LDF സ്ഥാനാർത്ഥി സത്യൻ മൊകേരി നാളെയാണ് പത്രിക നൽകുന്നത്. അദ്ദേഹം മണ്ഡലത്തിൽ ഇതിനകം പര്യടനം തുടങ്ങിയിട്ടുണ്ട്. NDA സ്ഥാനാർത്ഥി BJP യിലെ നവ്യ ഹരിദാസും പ്രചാരണരംഗത്ത് സജീവമാണ്. നാളെയാണ് അവർ പത്രിക സമർപ്പിക്കുന്നത്.

✪✪✪

പാലക്കാട് ഉപതിരഞ്ഞെടുപ്പിൽ NDA സ്ഥാനാർഥി C.കൃഷ്ണകുമാർ ഇന്ന് നാമനിർദ്ദേശ പതിക നൽകും. LDF സ്ഥാനാർഥി ഡോ. P. സരിൻ UDF സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിൽ എന്നിവർ നാളെയാണ് പത്രിക നൽകുന്നത്.

✪✪✪

ചേലക്കരയിൽ പ്രചരണം ശക്തമായി. LDF സ്ഥാനാർത്ഥി UR പ്രദീപും UDF സ്ഥാനാർത്ഥി രമ്യ ഹരിദാസും NDA സ്ഥാനാർത്ഥി K. ബാലകൃഷ്ണനും ഇന്ന് ഉച്ചയോടെ നാമനിർദ്ദേശപത്രിക സമർപ്പിക്കും.

✪✪✪

ഉപതെരഞ്ഞെടുപ്പിൽ UDF നല്ല വിജയം കൈവരിക്കുമെന്ന് AICC സംഘടന ജനറൽ സെക്രട്ടറി KC വേണുഗോപാൽ MP പറഞ്ഞു. വളരെ ആത്മവിശ്വാസത്തോടെയാണ് UDFഉം കോൺഗ്രസും മുന്നോട്ടുപോവുന്നതെന്ന് അദ്ദേഹം കോഴിക്കോട്ട് വ്യക്തമാക്കി.

ഒരു വിമത പ്രശ്നവും UDF നെ ബാധിക്കില്ല. പാലക്കാട് സ്വന്തം വോട്ട് കൊണ്ടാണ് UDF വിജയിച്ചതെന്നും തെരഞ്ഞെടുപ്പ് കാലത്ത് ആരുപിന്തുണക്കാൻ വന്നാലും സ്വീകരിക്കുമെന്നും വേണുഗോപാൽ പറഞ്ഞു.

✪✪✪

പാലക്കാട് കല്ലടിക്കോട് കാറും ലോറിയും കൂട്ടിയിടിച്ച് 5 പേർ മരിച്ചു. പാലക്കാട് കോഴിക്കോട് ദേശീയപാതയിൽ അയ്യപ്പൻകാവിന് സമീപമായിരുന്നു അപകടം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.

**...വോയ്സ്...**

ഇന്നലെ രാത്രി 11 മണിയോടെയായിരുന്നു അപകടം പാലക്കാട് ഭാഗത്തു നിന്ന് വന്ന കാറും എതിരെ വന്ന ലോറിയുമായി കൂട്ടിയിടിക്കുകയായിരുന്നു.അഞ്ചുപേരാണ് കാറിൽ ഉണ്ടായിരുന്നത്.നാല് പേര്

സംഭവസ്ഥലത്ത് തന്നെ മരിച്ചു.ഒരാളെ  പാലക്കാട് ജില്ലാ ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. മരിച്ചവരിൽ നാലുപേരെയാണ് തിരിച്ചറിഞ്ഞിരിക്കുന്നത്.കോങ്ങാട് മണ്ണന്തറ സ്വദേശി വിജേഷ്, വെള്ളയന്തോഡ് സ്വദേശി വിഷ്ണു,വിണ്ടപ്പാറ സ്വദേശി രമേശ് , കോങ്ങാട് മണിക്കേരി സ്വദേശി മുഹമ്മദ് അഫ്സൽ എന്നിവരെയാണ് തിരിച്ചറിഞ്ഞിരിക്കുന്നത്. കനത്ത മഴയിൽ കാർ നിയന്ത്രണം വിട്ട് ലോറിയിലേക്ക് ഇടിച്ചു കയറുകയായിരുന്നുവെന്ന് പോലീസ് പറഞ്ഞു.പൂർണമായും തകർന്ന കാർ വെട്ടിപ്പൊളിച്ചാണ് യാത്രക്കാരെ പുറത്തെടുത്തത്.ലോറി ഡ്രൈവറെ പോലീസ് കസ്റ്റഡിയിലെടുത്തു.

✪✪✪

ബംഗളൂരുവിലെ ബാബുസപാല്യയിൽ നിർമാണത്തിലിരുന്ന ബഹുനില കെട്ടിടം തകർന്നുവീണ് ഒരാൾ മരിച്ചു. പരിക്കേറ്റ ഏഴു തൊഴിലാളികളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അപകടസമയത്ത് 21 തൊഴിലാളികൾ കെട്ടിടത്തിനകത്ത് ഉണ്ടായിരുന്നുവെന്നും 14 പേരെ രക്ഷപ്പെടുത്തിയെന്നും മറ്റുള്ളവർക്കായി തിരച്ചിൽ തുടരുകയാണെന്നും സംഭവസ്ഥലം സന്ദർശിച്ച കർണാടക ഉപമുഖ്യമന്ത്രി DK ശിവകുമാർ പറഞ്ഞു.

✪✪✪

അടുത്തമാസം 4 മുതൽ 11 വരെ കൊച്ചിയിൽ ഒളിമ്പിക്സ് മാതൃകയിൽ നടക്കുന്ന സ്കൂൾ കായികമേളയിൽ 24,000 കായിക പ്രതിഭകൾ 39 ഇനങ്ങളിൽ മത്സരിക്കുമെന്ന് മന്ത്രി V ശിവൻകുട്ടി പറഞ്ഞു.

കായികമേളയുടെ പ്രചരണജാഥകൾ കാസർഗോഡ് നിന്നും തിരുവനന്തപുരത്തു നിന്നും തുടങ്ങി എല്ലാ ജില്ലകളും സന്ദർശിച്ച് അടുത്തമാസം 3 ന് വൈകുന്നേരം എറണാകുളം ജില്ലയിൽ എത്തിച്ചേരുമെന്ന് അദ്ദേഹം കൊച്ചിയിൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവം നവംബർ 15 മുതൽ 18 വരെ ആലപ്പുഴയിലും, സംസ്ഥാന സ്കൂൾ കലോത്സവം ജനുവരി 4 മുതൽ 8  വരെ തിരുവനന്തപുരത്ത് വിവിധ വേദികളിലും നടക്കുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

ഇന്ത്യ, ജർമ്മനി രണ്ട് മത്സര ഹോക്കി പരമ്പരയ്ക്ക് ഇന്ന് ന്യൂഡൽഹിയിൽ തുടക്കം. മേജർ ധ്യാൻചന്ദ് നാഷണൽ സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് രണ്ടിന് മത്സരം ആരംഭിക്കും.

✪✪✪

സുൽത്താൻ ഓഫ് ജോഹർ കപ്പ് ഹോക്കി ജൂനിയർ വിഭാഗത്തിൽ ഇന്ത്യൻ പുരുഷ ടീം ഇന്ന് ഓസ്ട്രേലിയയെ നേരിടും. മലേഷ്യയിലെ ജോഹറിൽ ഇന്ത്യൻ സമയം വൈകിട്ട് 3.45നാണ് മത്സരം.

ഇന്നലെ ഇന്ത്യ രണ്ടിനെതിരെ നാലു ഗോളുകൾക്ക് മലേഷ്യയെ പരാജയപ്പെടുത്തി.

പുതിയ കോച്ച് PR ശ്രീജേഷിനു കീഴിൽ ഇന്ത്യൻ ടീം ടൂർണമെന്റിൽ തുടർച്ചയായ മൂന്നു വിജയങ്ങളാണ് നേടിയത്.

✪✪✪

ISL ഫുട്ബോളിൽ ഭുവനേശ്വറിൽ ഒഡീഷാ FC ഒന്നിനെതി രെ രണ്ട് ഗോളുകൾക്ക് ഈസ്റ്റ് ബംഗാൾ FC യെ തോൽപ്പിച്ചു.

ഇന്ന് കളിയില്ല.

✪✪✪

66-ാമത് കോഴിക്കോട് റവന്യൂ ജില്ല കായിക മേള ഇന്ന് സമാപിക്കും. രണ്ടു ദിവസത്തെ മത്സരങ്ങൾ പൂർത്തിയായപ്പോൾ 200 പോയിന്റോടെ മുക്കം ഉപജില്ലയാണ് മുന്നിൽ. 164 പോയിന്റുമായി പേരാമ്പ്ര രണ്ടാം സ്ഥാനത്ത് തിരിച്ചെത്തി.

✪✪✪

തലശ്ശേരിയിൽ നടക്കുന്ന കണ്ണൂർ റവന്യൂ ജില്ലാ സ്കൂൾ കായിക മേളയിൽ 222 പോയിന്റുമായി പയ്യന്നൂർ ഉപജില്ല മുന്നേറ്റം തുടരുന്നു. 66 പോയന്റുമായി ഇരിക്കൂർ രണ്ടാമതും 65 പോയിന്റോടെ മട്ടന്നൂർ ഉപജില്ല മൂന്നാം സ്ഥാനത്തും ഉണ്ട്. കായികമേള ഇന്ന് സമാപിക്കും

✪✪✪

കണ്ണൂർ ജില്ലയിലെ ചെങ്ങളായിയിൽ വെസ്റ്റ് നൈൽ പനി റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കൊതുക് നിവാരണ പ്രവർത്തനങ്ങളും ബോധവൽക്കരണ നടപടികളും ഊർജ്ജിതമാക്കാൻ തീരുമാനിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.

**...വോയ്സ്...**

വെസ്റ്റ് നൈൽ പനി റിപ്പോർട്ട് ചെയ്ത കുട്ടിയുടെ വീട് ജില്ലാ സർവൈലൻസ് ഓഫീസർ ഡോ. കെ.സി സച്ചിന്റെ നേതൃത്വത്തിലുള്ള സംഘം സന്ദർശിച്ചു. കൊതുകിന്റെ ഉറവിടങ്ങൾ കണ്ടെത്താൻ പരിശോധന നടത്താനും പരിസര

പ്രദേശങ്ങളിലെ വീട്ടുകാർക്ക് കൊതുക് കടി ഏൽക്കാതിരിക്കാനുമുള്ള നിർദേശങ്ങൾ നൽകി.വെസ്റ്റ് നൈൽ വൈറസ് ആണ് രോഗകാരി. പക്ഷികളെ കടിച്ച കൊതുകുകൾ മനുഷ്യരെ കടിക്കുമ്പോൾ ആണ് വൈറസ് മനുഷ്യരിലേക്ക് എത്തുന്നത്. മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്ക് ഈ രോഗം പകരുന്നില്ല.. ക്യൂലക്സ് പെൺകൊതുകുകൾ ആണ് ഈ രോഗം പരത്തുന്നതെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. രാത്രി കാലങ്ങളിലാണ് ഈ കൊതുകുകൾ കടിക്കുന്നത്.. പൊതുവെ പക്ഷികളെയാണ് ഈ കൊതുകുകൾ കടിക്കുന്നത്. കാക്ക വർഗത്തിൽപ്പെട്ട പക്ഷികളിലാണ് വെസ്റ്റ് നൈൽ രോഗത്തിന് കാരണമാകുന്ന വൈറസിനെ കൂടുതലായി കാണുന്നതെന്നും ഡി.എം.ഓ. അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് ശനിയാഴ്ച്ച വരെ ഇടിയോടുകൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ചിലയിടങ്ങളിൽ ഇന്നും ശക്തമായ മഴ ലഭിച്ചേക്കും.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

✪✪✪

ശക്തമായ മഴയെ തുടർന്ന് ജലനിരപ്പ് ഉയരുന്നതിനാൽ പാംബ്ല, കല്ലാർകുട്ടി ഡാമുകൾ തുറന്ന് വെള്ളം പുറത്തേക്കൊഴുക്കി. കല്ലാർകുട്ടി ഡാമിൽ നിന്നും 300 ക്യുമെക്സും പാംബ്ല ഡാമിൽ നിന്നും 600 ക്യുമെക്സും വെള്ളമാണ് പുറത്തേക്കൊഴുക്കുന്നത്. മുതിരപ്പുഴയാർ, പെരിയാർ എന്നീ നദികളുടെ ഇരുകരകളിലുമുള്ളവർ ജാഗ്രത പാലിക്കണമെന്ന് ജില്ലാ ഭരണകൂടം മുന്നറിയിപ്പ് നൽകി.

✪✪✪

കഥപറയും മാതൃകയിൽ തീമാറ്റിക് രീതിയിലാണ് സംസ്ഥാനത്ത് മ്യൂസിയങ്ങൾ സജ്ജമാക്കുന്നതെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു. ഇത്തരത്തിൽ കഴിഞ്ഞ 8 വർഷങ്ങളിലായി നിരവധി മ്യൂസിയങ്ങളാണ് വിവിധ വകുപ്പുകളുടെ കീഴിൽ യാഥാർത്ഥ്യമാക്കിയതെന്നും മന്ത്രി അറിയിച്ചു. ശ്രീ ചിത്രാ ആർട്ട് ഗ്യാലറി പൈതൃക മന്ദിരത്തിൽ നിർമ്മിച്ച ആമുഖ ഗ്യാലറി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.